Draft #102 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 12-Oct-2020 04:28 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം: സർവ്വകലാശാലാ അനദ്ധ്യാപക തസ്തികകളിലേക്ക് അടിയന്തിര സാഹചര്യത്തിൽ ജീവനക്കാരെ താൽകാലികമായി നിയോഗിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4667/AD A1/2020/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 12.10.2020

---

*പരാമർശം:*-1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച അധിക ചുമതലകൾ) ആക്ട് 2015.
2. G.O.(P) No. 7/2016/H.Edn., തീയതി 26.02.2016.
3. വൈസ് ചാൻസിലറുടെ 09.10.2020 തീയതിയിലെ കുറിപ്പ് നം. വി.സി.702/2/149/2020.

**ഉത്തരവ്**

സർവ്വകലാശാലയിലെ അനദ്ധ്യാപക വിഭാഗം തസ്തികയിലേയ്ക്കുള്ള റിക്രൂട്ട്മെൻറ് സൂചന (1) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമാക്കുകയും അതിൻപ്രകാരം, അസിസ്റ്റൻറ്, കമ്പ്യൂട്ടർ അസിസ്റ്റൻറ് തസ്തികകളിലേക്കുള്ള നിയമനം സൂചന (2) പ്രകാരം നടന്നു വരികയുമാണ്. മറ്റ് അനദ്ധ്യാപക വിഭാഗം തസ്തികകളിലേക്കുള്ള നിയമന നടപടികളും പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിൻറെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കിക്കൊണ്ട് വൈസ് ചാൻസലർ സൂചന (3) പ്രകാരം ഉത്തരവായിരിക്കുന്നു.

- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് പട്ടികയുടെ അഭാവത്തിൽ സർവ്വകലാശാലയിൽ അടിയന്തിര സാഹചര്യത്തിൽ അനദ്ധ്യാപക തസ്തികയിലേയ്ക്ക് നടത്തുന്ന നിയോഗം പരമാവധി 179 ദിവസമായി നിജപ്പെടുത്തിയിരിക്കുന്നു.
- ആയതിൻപ്രകാരം നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് നൽകുന്ന ഉത്തരവിൽ ടി നിയോഗം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കപ്പെടുന്നയാൾ ജോലിയിൽ പ്രവേശിക്കുന്നത് വരെയോ/ 179 ദിവസത്തേയ്ക്കോ ഏതാണ് ആദ്യം എന്ന് രേഖപ്പെടുത്തേണ്ടതാണ്.
- കരാർ അടിസ്ഥാനത്തിലാണ് നിയോഗിക്കുന്നതെങ്കിൽ ആയത് ജനറൽ റൂൾ 9 A പ്രകാരമാണ് എന്ന് കരാറിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

എ എസ് ചാവറ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. സെക്ഷനുകൾ/ സ്കൂളുകൾ/ ഡിപ്പാർട്ട്മെൻറുകൾ
2. വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. എ.ആർ./ ഡി.ആർ/ ജെ.ആർ. (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം)
5. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടൻറ് മാനേജ്മെന്റ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി.
6. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ